# കേരള സർവകലാശാല

നം.പി.ആർ.194/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2018 സെപ്റ്റംബർ 3 മുതൽ 7 വരെ നടത്താൻ നിശ്ചയിച്ചിരുന്ന വിദൂര വിദ്യാഭ്യാസം ഉൾപ്പെടെയുള്ള എല്ലാ യുജി പരീക്ഷകളും മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. എല്ലാം പി.ജി പരീക്ഷകളും പ്രൊഫഷണൽ കോഴ്സുകളുടെ പരീക്ഷകളും മുൻ നിശ്ചയിച്ച പ്രകാരം നടക്കുന്നതാണ്.

### ജർമ്മൻ ഡിപ്ലോമ

സർവകലാശാലയുടെ ജർമ്മൻ പഠന വകുപ്പ് നടത്തുന്ന ജർമ്മൻ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: അംഗീകൃത സർവകലാശാല ബിരുദത്തോടൊപ്പം കേരള സർവകലാശാല ജർമ്മൻ പഠനവകുപ്പ് നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം അല്ലെങ്കിൽ സർവകലാശാല അംഗീകൃത തത്തുല്യ യോഗ്യത. അപേക്ഷാ ഫോം ജർമ്മൻ പഠന വകുപ്പിൽ നിന്ന് നേരിട്ട് ലഭിക്കും. അപേക്ഷാ ഫീസ് 25 രൂപ, രജിസ്ട്രേഷൻ ഫീസ് 100 രൂപ. അപേക്ഷകൾ പിഴ കൂടാതെ സെപ്റ്റംബർ 10 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 17 വരെയും 250 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലുള്ള ജർമ്മൻ പഠന വകുപ്പ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

### വിദൂര വിദ്യാഭ്യാസം ഓൺലൈൻ അപേക്ഷ

വിദൂര വിദ്യാഭ്യാസ പഠന വിഭാഗത്തിൽ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾക്ക് ഓൺലൈനായി www.sde.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. ബി.എ (എക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഹിന്ദി), ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (ബി.ബി.എ), ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്), ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ബി.സി.എ), ബി.കോം, ബി.എൽ.ഐ.സി, എം.എ (എക്കണോമിക്സ്, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, മലയാളം, പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സോഷ്യോളജി), എം.കോം, എം.എസ്.സി (കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ്) എം.എൽ.ഐ.സി എന്നീ പ്രോഗ്രാമുകൾക്ക് 2018 – 19 അദ്ധ്യയന വർഷത്തിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈനായി ഫീസ് അടക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കും.

സർവകലാശാലയുടെ റെഗുലർ കോഴ്സുകളുടെ അതേ സിലബസ് തന്നെയായിരിക്കും വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്കും. അപേക്ഷകൾ നൽകാനുള്ള അവസാന തീയതി സെപ്റ്റംബർ 30. യു.ജി.സി നിർദ്ദേശ പ്രകാരം ഈ തീയതിക്ക് ശേഷം പ്രവേശനം സാധ്യമാകുന്നതല്ല. പ്രവേശന യോഗ്യത, മാനദണ്ഡങ്ങൾ എന്നിവ വ്യക്തമായി പരിശോധിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ടൈംടേബിൾ

രണ്ടാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## ഡിഗ്രി/പി.ജി പ്രവേശന തീയതി നീട്ടി

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള (2018-19) അവസാന തീയതി സെപ്റ്റംബർ 5 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2018-19) ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി സെപ്റ്റംബർ 07-വരെ ദീർഘിപ്പിച്ചിരിക്കുന്നു. സ്പോർട്സ്, കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷകൾ സെപ്റ്റബർ 7 വരെ കോളേജുകളിൽ സമർപ്പിക്കാവുന്നതാണ്.

## തീയതി നീട്ടി

ബി.ടെക് അഞ്ചാം സെമസ്റ്റർ (2013 സ്കീം) (പാർട്ട് ടൈം ഉൾപ്പെടെ), ആറാം സെമസ്റ്റർ (സപ്ലിമെന്ററി), എട്ടാം സെമസ്റ്റർ (റെഗുലർ), മൂന്നാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി) പരീക്ഷകളുടെയും അവസാന വർഷ ബി.എഫ്.എ പരീക്ഷയുടെയും മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം, ബി.എസ്.സി പരീക്ഷകളുടെയും പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അവസാന തീയതി സെപ്റ്റംബർ 7 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

## പരീക്ഷാഫീസ്

2018 ഒക്ടോബറിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.പി.എ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 3 ന് ആരംഭിക്കുന്നു. പിഴ കൂടാതെ സെപ്റ്റംബർ 10 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 15 വരെയും 125 രൂപ ഫൈനോടുകൂടി സെപ്റ്റംബർ 18 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൽപ്പ്ച്ചർ) ഡിഗ്രി പരീക്ഷ സെപ്റ്റംബർ 28 ന് ആരംഭിക്കുന്നു. പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 10 വരെയും 50 രൂപ പിഴയോടെ സെപ്റ്റംബർ 12 വരെയും 125 രൂപ ഫൈനോടുകൂടി സെപ്റ്റംബർ 14 വരെയും അപേക്ഷിക്കാം.

## എം.ബി.എ പ്രവേശനം - അവസാന തീയതി നീട്ടി

സർവകലാശാലയുടെ കീഴിലുള്ള വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിലേക്ക് 2018-19 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനുള്ള അവസാന തീയതി സെപ്റ്റംബർ 10 വരെ നീട്ടിയിരിക്കുന്നു.

# <u>സൂക്ഷ്മപരിശോധന</u>

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എസ്.സി (സി.ബി.സി.എസ്.എസ്) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി സെപ്റ്റംബർ 3 മുതൽ 15 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇ.ജെ II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
01.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**